I ഇ.ബി. XIV - കേരള നിയമസഭ/XV-6

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ജൂൺ 12, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I റൂളിംഗ്

ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭാ നടപടി ചട്ടം 238-ന്റെ 2-ാം ഉപചട്ടപ്രകാരം നിയമസഭ പാസ്സാക്കിയ ഒരു നിയമം വിജ്ഞാപനം ചെയ്തുകഴിഞ്ഞാൽ 90 ദിവസങ്ങൾക്കകം അതുപ്രകാരമുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതും അടുത്ത 90 ദിവസങ്ങൾക്കകം സൂക്ഷ്മ പരിശോധന നടത്തേണ്ടതുമാണ്. എന്നാൽ സഭ പാസ്സാക്കിയ വ്യത്യസ്തങ്ങളായ 27 നിയമങ്ങളനുസരിച്ചുള്ള ചട്ടങ്ങളുടെ കരട് നാളിതുവരെ നിർമ്മിക്കുകയോ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ

പരിശോധനയ്ക്കായി ലഭ്യമാക്കുകയോ ചെയ്തിട്ടില്ലെന്ന കാര്യം അതീവ ഗൗരവമുള്ളതാണ്. യഥാസമയം ചട്ടം നിർമ്മിക്കാതിരിക്കുന്നതിനെതിരെ സഭയിൽ ശക്തമായ റൂളിംഗ് ഉണ്ടായിട്ടുണ്ട്. നിയമസഭാ നടപടി ചട്ടം 238 പ്രകാരം സർക്കാർ പുറപ്പെടുവിക്കേണ്ട ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന സബ്ജക്ട് കമ്മിറ്റികളുടെ കർത്തവ്യമാണെന്നതുപോലെതന്നെ അവ യഥാസമയം തയ്യാറാക്കി പരിശോധനയ്ക്കായി ലഭ്യമാക്കുന്നുണ്ടോയെന്ന കാര്യവും കൃത്യതയോടെ പരിശോധിക്കേണ്ട ഉത്തരവാദിത്തം അതാത് സബ്ജക്ട് കമ്മിറ്റികൾ നിർവ്വഹിക്കേണ്ടതുണ്ട്. എട്ടും ഒൻപതും വർഷങ്ങൾക്കുമുമ്പ് നിയമസഭ പാസ്സാക്കിയ നിയമങ്ങളനുസരിച്ചുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിൽപ്പോലും കാലതാമസം വരുത്തുന്നതിന് കാരണക്കാരായ വകുപ്പുതല ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുന്നതിനും അതിന്റെയടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി ശിപാർശ ചെയ്യുന്നതിനും സബ്ജക്ട് കമ്മിറ്റികൾ തയ്യാറാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ചെയർ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സബ്ജക്ട് കമ്മിറ്റി തലത്തിൽ ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന കൃത്യമായി നടക്കുന്നുവെന്നും നിലവിൽ കുടിശ്ശികയായി അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്നും ഉറപ്പാക്കാൻ കഴിയണം.

നിയമസഭയുടെ നടപ്പുസമ്മേളനം അവസാനിച്ചാലുടൻ ബന്ധപ്പെട്ട എല്ലാ സബ്ജക്ട് കമ്മിറ്റികളും പ്രത്യേകം അജണ്ട വച്ച് തെളിവെടുപ്പ് യോഗങ്ങൾ ചേരേണ്ടതും കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണവും പരിഗണനയും സംബന്ധിച്ച കാര്യങ്ങൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്. എല്ലാ സർക്കാർ വകുപ്പുകളും കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള ജോലികൾ രണ്ടുമാസത്തിനകം പൂർത്തീകരിക്കുന്നുവെന്ന് ചീഫ് സെക്രട്ടറി തലത്തിൽ ഉറപ്പുവരുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനയ്ക്കായി ലഭിക്കുന്ന കരട് ചട്ടങ്ങൾ ബന്ധപ്പെട്ട കമ്മിറ്റികൾ സമയബന്ധിതമായി പരിശോധിക്കുകയും റിപ്പോർട്ട് സഭയുടെ അടുത്ത സമ്മേളനത്തിനുമുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള എല്ലാ കുടിശ്ശിക ജോലികളും പൂർത്തീകരിച്ചത് സംബന്ധിച്ച് സഭയുടെ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിൽ എല്ലാ സബ്ജക്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷന്മാർ സഭയിൽ സ്റ്റേറ്റ്മെന്റ് നടത്തേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു. പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കാതിരിക്കുന്നത് സഭയോടുള്ള അനാദരവായി കണക്കാക്കുന്നതും അതിൻപ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതുമാണ്.

## II അടിയന്തരപ്രമേയം

### നിയമവിരുദ്ധ നിലംനികത്തൽ

മി. സ്പീക്കർ: നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നികത്തിയ കുന്നത്തുനാട്ടിലെ 5.8365 ഹെക്ടർ നിലം പൂർവ്വസ്ഥിതിയിലാക്കണമെന്ന ജില്ലാകളക്ടറുടെ ഉത്തരവ് റദ്ദുചെയ്ത് നിലം നികത്താൻ അനുമതി നൽകിയ സർക്കാർ നടപടിമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. പി. സജീന്ദ്രൻ, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മെസേഴ്സ് സിന്തറ്റിക് പ്രോപ്പർട്ടീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായ ശ്രീ. ജോർജ്ജ് പോൾ എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 18 ഏക്കറോളം ഭൂമി തരംമാറ്റുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് നൽകിയിരുന്ന അപേക്ഷ നിരസിച്ചതിനെത്തുടർന്ന് ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും 23-02-2006-ലെ ഉത്തരവുപ്രകാരം 5.8365 ഹെക്ടർ ഭൂമി തരംമാറ്റുന്നതിന് അനുമതി

നൽകുകയുമുണ്ടായി. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം തയ്യാറാക്കിയ ഡാറ്റാബാങ്കിൽ നിലമായി ഉൾപ്പെടുത്തിയ പ്രസ്തുത ഭൂമി 2015-ൽ നികത്തിയതിനെത്തുടർന്ന് സ്റ്റോപ്പ് മെമ്മോ നൽകി തുടർനടപടി സ്വീകരിക്കുകയുണ്ടായി. തുടർന്ന് നികത്തിയ നെൽവയലുകൾ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരേണ്ടതാണെന്നും ആയതിന് ചെലവാകുന്ന തുക റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കി സർക്കാരിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണെന്നും ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ ക്രയവിക്രയങ്ങളും പോക്കുവരവുകളും പാടില്ലെന്നും ജില്ലാകളക്ടർ ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ സർക്കാർ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ പരിശോധിച്ച് ജില്ലാകളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കുകയും ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കുന്നതിനായി അപേക്ഷകർക്ക് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കാവുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. പരിശോധനയിൽ ജില്ലാകളക്ടറുടെ ഉത്തരവ് റദ്ദാക്കിയിരിക്കുന്നത് ക്രമപ്രകാരമല്ലെന്ന് കണ്ടതിനെത്തുടർന്ന് ടി ഉത്തരവ് സർക്കാർ മരവിപ്പിച്ചു. തുടർനടപടി സംബന്ധിച്ച നിയമോപദേശത്തിനായി ഫയൽ അഡ്വക്കേറ്റ് ജനറലിന് സമർപ്പിച്ചിരിക്കുകയാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ പല സർവ്വേ നമ്പരുകളിലുള്ള 5.8365 ഹെക്ടർ നികത്തിയ നിലം

പൂർവ്വസ്ഥിതിയിലാക്കണമെന്ന ജില്ലാകളക്ടറുടെ ഉത്തരവിനെ മറികടന്ന് കരഭൂമിയാക്കി മാറ്റാൻ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം. പ്രസ്തുത ഭൂമി നികത്താൻ 1967-ലെ ദി കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറിന്റെ അടിസ്ഥാനത്തിൽ 2006-ൽ ലാന്റ് റവന്യൂ കമ്മീഷണർ അനുമതി നൽകിയിരുന്നു. എന്നാൽ 2008-ൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽവന്നതോടെ 2008-ന് മുമ്പ് നികത്തിയ ഭൂമിക്കുമാത്രമേ ലാന്റ് യൂട്ടിലൈസേഷൻ നിയമം ബാധകമാകുകയുള്ളൂ. ഭൂമി 2008-ന് മുമ്പ് നികത്തിയിട്ടില്ലാത്തതിനാൽ ഡാറ്റാബാങ്കിൽ ഇപ്പോഴും നിലമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഭൂമി 2013-14 കാലഘട്ടത്തിൽ മണ്ണിട്ട് നികത്തിയതായി മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. എ.ജി.-യുടെ ഉപദേശമനുസരിച്ച് ജില്ലാകളക്ടർ ഇറക്കിയ ഉത്തരവിനെതിരെ കമ്പനി അധികൃതർ സർക്കാരിന് അപ്പീൽ നൽകിയതിനെത്തുടർന്ന് ഫയൽ നടപടികൾ പൂർത്തിയാക്കി നിയമവകുപ്പിന്റെ ഉപദേശം തേടാതെ സ്ഥലമുടമകൾക്ക് അനുകൂലമായി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഉത്തരവിറക്കിയതിനുപിന്നിൽ നടന്നത് വൻ അഴിമതിയാണ്. റവന്യൂ വകുപ്പുമന്ത്രിയെ മറികടന്നുള്ള മുഖ്യമന്ത്രിയുടെ ഓഫീസിന്റെ നിരന്തര സമ്മർദ്ദമാണ് ഈ തീരുമാനത്തിന് പിന്നിലുള്ളത്. സമാനമായ കേസ്സുകളിൽ

കളക്ടറുടെ ഉത്തരവ് ശരിവച്ച റവന്യൂ വകുപ്പ് കുന്നത്തുനാട് നിലംനികത്തൽ കേസിൽ വ്യത്യസ്ത നിലപാട് സ്വീകരിച്ചത് സംശയകരമാണ്. മരവിപ്പിച്ച സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്യണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കുന്നത്തുനാട്ടിലെ നിലം പൂർവ്വസ്ഥിതിയിലാക്കണമെന്ന ജില്ലാകളക്ടറുടെ ഉത്തരവ് റദ്ദുചെയ്തുകൊണ്ട് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി ഇറക്കിയ ഉത്തരവ് മരവിപ്പിക്കാൻ തീരുമാനമെടുത്തിട്ടുള്ള സാഹചര്യത്തിൽ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിച്ചിരിക്കുന്നത്. ഈ പ്രശ്നം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ രേഖകൾ പരിശോധിച്ച് ഉത്തരവ് മരവിപ്പിക്കാൻ തീരുമാനമെടുക്കുകയും എ.ജി.-യോട് നിയമോപദേശം തേടുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി

അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ആയുഷ്മാൻ ഭാരത് പദ്ധതി

ശ്രീ. ജെയിംസ് മാത്യു: കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ആയുഷ്മാൻ ഭാരത്' പദ്ധതി നിലവിലെ എം.ഒ.യു. പ്രകാരം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന രീതിയിൽ കേരളത്തിൽ നടപ്പിലാക്കിയാൽ ഭൂരിപക്ഷം കുടുംബങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യം സംജാതമാകും. സംസ്ഥാനത്ത് നിലവിൽ വിവിധ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നവർ 'ആയുഷ്മാൻ ഭാരത്' പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെടാതിരിക്കാൻ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിരുന്ന അവസരത്തിലാണ് കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതി നിലവിൽ വന്നത്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡമനുസരിച്ച് ബഹുഭൂരിപക്ഷം കുടുംബങ്ങളും

ഒഴിവായിപ്പോകുമെന്നതിനാൽ തുടക്കത്തിൽ ആ പദ്ധതിയിൽ ചേരാൻ കഴിഞ്ഞിരുന്നില്ല. കേന്ദ്ര ഗവൺമെന്റുമായി നിരവധി ചർച്ചകൾ നടത്തി 2018 നവംബറിൽ ആയുഷ്മാൻ പദ്ധതിയിൽ ഒപ്പുവയ്ക്കുകയും ജനങ്ങൾക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാന പദ്ധതികളുടെ ആനുകൂല്യം നഷ്ടപ്പെടാത്തവിധം അതിന്റെ ഭാഗമാകുകയും ചെയ്തു. നിലവിൽ കേരളത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമായിരുന്ന ഭൂരിപക്ഷം ജനങ്ങളും കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയുടെ മാനദണ്ഡപ്രകാരം പദ്ധതിയിൽനിന്ന് പുറത്താകുന്ന സാഹചര്യമാണുണ്ടായിരുന്നത്. കേന്ദ്ര മാനദണ്ഡപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ ദുർബ്ബലവിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള 18.58 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുമായിരുന്നുള്ളൂ. ആർ.എസ്.ബി.വൈ. പദ്ധതിയുടെ തുടക്കത്തിൽ എഴുപത്തിയഞ്ച് ശതമാനം കേന്ദ്ര വിഹിതം നൽകിയിരുന്നുവെങ്കിലും 2015-നുശേഷം 60:40 ആയി വെട്ടിക്കുറച്ചു. സർക്കാർ നടപ്പിലാക്കി വരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ടെണ്ടർ വിളിച്ച് നടപടിക്രമങ്ങളിലേയ്ക്ക് കടന്നിട്ടുണ്ട്. പുതിയ പദ്ധതിപ്രകാരം നാല്പത് ലക്ഷം കുടുംബങ്ങൾക്ക് 19.89 ശതമാനം തുക മാത്രമാണ് കേന്ദ്ര ഗവൺമെന്റ് നൽകുന്നത്. സംസ്ഥാന സർക്കാർ കേരള കാരുണ്യ ആരോഗ്യ സുരക്ഷ എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചതുകൊണ്ടാണ് കൂടുതൽ കുടുംബങ്ങൾക്ക് ആനുകൂല്യം നൽകാൻ

സാധിച്ചത്.

(2) കാഞ്ഞിരപ്പള്ളി ബൈപ്പാസ്

ഡോ. എൻ. ജയരാജ്: കാഞ്ഞിരപ്പള്ളി ബൈപ്പാസിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടി വന്നതിനാൽ സോഷ്യൽ ഇംപാക്ട് സ്റ്റഡി വീണ്ടും നടത്തി പ്രാഥമിക റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സബ്ഡിവിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് സമയബന്ധിതമായി നടപടി സ്വീകരിക്കണം. കിഴക്കൻ മേഖലയുടെ പ്രധാനപ്പെട്ട കവാടമെന്ന നിലയിൽ പ്രസ്തുത പ്രദേശത്ത് സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതിയുടെ തുടർനടപടികൾ നടന്നുവരികയാണ്. കൂടുതൽ സ്ഥലം ഏറ്റെടുത്ത് പരിശോധനകൾ പൂർത്തീകരിക്കുന്നതിനും സാമൂഹ്യാഘാത പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടിവന്നതിനാലുമാണ് കാലതാമസം നേരിട്ടത്. ബൈപ്പാസ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്ന് അപേക്ഷ ലഭിച്ചതിൻ പ്രകാരം സാമൂഹ്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചശേഷമാണ് നിർമ്മാണ ചുമതല ആർ.ബി.ഡി.സി.കെ.-ക്ക് കൈമാറിയത്. അക്വിസിഷനിൽ

ചില മാറ്റങ്ങൾ ആവശ്യമായി വന്നതിനാൽ 80.27 ആർ വസ്തു കൂടി അധികം ചേർത്ത് ബൈപ്പാസ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്ക് പുതിയ അപേക്ഷ നൽകിയിട്ടുണ്ട്. സാമൂഹ്യാഘാത പഠനം നടത്താൻ നിയോഗിച്ച ഏജൻസി പബ്ലിക് ഹിയറിംഗ് നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിച്ച് സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

## IV സബ്മിഷൻ

### (1) ധനസഹായം

ശ്രീ. കെ. ബാബു: തണ്ണിശ്ശേരിയിലും വിരുദുനഗറിലും വാഹനാപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും ചികിത്സയിലിരിക്കുന്നവർക്കും സാമ്പത്തിക സഹായവും ചികിത്സാസഹായവും ലഭ്യമാക്കണം.

ശ്രീ. ഷാഫി പറമ്പിൽ: തണ്ണിശ്ശേരിയിൽ വാഹനാപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും ചികിത്സയിലിരിക്കുന്നവർക്കും സാമ്പത്തിക സഹായവും ചികിത്സാസഹായവും ലഭ്യമാക്കാനും അഗ്നിരക്ഷാ സേനയ്ക്ക് ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ അനുവദിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: തണ്ണിശ്ശേരിയിൽ വാഹനാപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും ചികിത്സയിലിരിക്കുന്നവർക്കും സാമ്പത്തിക

സഹായവും ചികിത്സാസഹായവും അടിയന്തരമായി ലഭ്യമാക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 09-06-2019-ന് പാലക്കാട് കൊടുവായൂർ സംസ്ഥാന പാതയിൽ ആംബുലൻസും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ 8 പേർ മരണപ്പെടുകയും പരിക്കേറ്റ നാലുപേരിൽ ഒരാളുടെ നില ഗുരുതരവുമാണ്. ദുരന്തനിവാരണ രംഗത്ത് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർമാരുടെ സേവനം അഗ്നിരക്ഷാ സേന ഉപയോഗപ്പെടുത്തുന്നുണ്ട്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ സേവനം അപകടഘട്ടങ്ങളിൽ ആവശ്യമായതിനാൽ ഒരു സിവിൽ ഡിഫൻസ് ഫോഴ്സ് (കേരള സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേന) രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ അഗ്നിരക്ഷാ സേനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആംബുലൻസ് അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും ഉചിതമായ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (2) അച്ചടി മ്യൂസിയം

ശ്രീ. പി. കെ. ശശി: ഷൊർണ്ണൂരിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി ആന്റ് ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ അച്ചടി

മ്യൂസിയം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് നിയോഗിച്ച വിദഗ്ധസമിതി ഷൊർണ്ണൂരിൽ അച്ചടി മ്യൂസിയം സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ മ്യൂസിയം സ്ഥാപിക്കുന്നതിന് സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി ആന്റ് ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ മ്യൂസിയം സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(3) റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനം

ശ്രീ. സി. ദിവാകരൻ: തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക പഠനം നടത്തിയെങ്കിലും സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഇത്തരമൊരു സ്ഥാപനം ആരംഭിക്കാൻ സാധിക്കുന്നതല്ല. വകുപ്പ് മുഖാന്തരം ബന്ധപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം നൽകി തദ്ദേശഭരണ സ്ഥാപനങ്ങൾ,

സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സ്ഥാപനം ആരംഭിക്കാൻ സാധിക്കുമോയെന്നുള്ളകാര്യം പരിശോധിക്കാവുന്നതാണ്. കേരളത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സിയാൽ മോഡലിൽ ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നെടുമങ്ങാട് കേന്ദ്രീകരിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(4) പുതുശ്ശേരി പാലം പുതുക്കിപ്പണിയൽ

ശ്രീ. എസ്. ശർമ്മ: കടലാക്രമണം നേരിടുന്നതിനും കടലാക്രമണത്തിൽ തകർന്ന പുതുശ്ശേരി പാലം പുതുക്കിപ്പണിയുന്നതിനും തടസ്സപ്പെട്ട ഗതാഗതത്തിന് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനും തീരദേശവാസികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കടലാക്രമണം രൂക്ഷമായ നായരമ്പലം, ചെല്ലാനം എന്നിവിടങ്ങളിൽ താൽക്കാലിക പുനരധിവാസ ക്യാമ്പുകൾ സജ്ജമാക്കിയതുൾപ്പെടെയുള്ള എല്ലാ തയ്യാറെടുപ്പുകളും റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ക്യാമ്പുകളിലെത്തുന്ന കുടുംബങ്ങൾക്ക് മിനിമം റിലീഫ് കോഡ് അനുസരിച്ച് 30 ദിവസംവരെ ഭക്ഷണവും ശുദ്ധജലവും ആരോഗ്യ സംരക്ഷണവും നൽകുന്നതാണ്. തകരാറിലായ പുതുശ്ശേരി പാലം സംബന്ധിച്ച

റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമായാലുടൻ ഉചിതമായ നടപടിയും തീരദേശ മേഖലയിൽ സൗജന്യറേഷൻ നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

## (5) ബസ് റൂട്ടുകൾ

ശ്രീ. എം. വിൻസെന്റ്: പാപ്പനംകോട്, തിരുവനന്തപുരം സിറ്റി, പൂവാർ, വിഴിഞ്ഞം ഡിപ്പോകളിൽനിന്നും നിർത്തലാക്കിയ ബസ് റൂട്ടുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പാപ്പനംകോട്, തിരുവനന്തപുരം സിറ്റി, പൂവാർ, വിഴിഞ്ഞം ഡിപ്പോകളിൽ നിന്നാണ് കോവളം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നത്. കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഗുണകരമല്ലാത്ത ട്രിപ്പുകൾ മാത്രമാണ് നിർത്തലാക്കിയത്. ഏതെങ്കിലും മേഖലകളിൽ യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പൂവാർ ഡിപ്പോയിൽനിന്നും കോവളം മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് നിർത്തിവച്ച സ്റ്റേ ബസ് സർവ്വീസുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. പാപ്പനംകോട് ഡിപ്പോയിൽനിന്നും നിർത്തലാക്കിയ സ്റ്റേ ട്രിപ്പുകൾ യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ക്രമീകരിച്ചിട്ടുണ്ട്. പരാതികളുണ്ടെങ്കിൽ

ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ

ശ്രീമതി വീണാ ജോർജ്ജ്: പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെയും വാണിജ്യ സമുച്ചയത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2008-ൽ 8 കോടി 27 ലക്ഷം രൂപ ചെലവ് വരുന്ന പത്തനംതിട്ട ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് പ്രോജക്ട് നടപ്പിലാക്കാൻ തത്വത്തിൽ അംഗീകരിക്കുകയും 2013-ൽ പ്രാഥമിക ചെലവിനായി 2 കോടി രൂപയും കെട്ടിടത്തിന്റെ ഒരു ഭാഗം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽനിന്നും 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ബാക്കി ഭാഗം നിർമ്മിക്കുന്നതിനായി 6 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പുതുക്കേണ്ടിയും വിവിധ ഫണ്ടുകൾ ഉപയോഗിക്കേണ്ടിയും വന്നതിനാൽ പ്രസ്തുത പ്രോജക്ട് ഫലപ്രദമായി മോണിറ്റർ ചെയ്യാൻ സാധിച്ചില്ല. ഫണ്ട് പൂർണ്ണമായി ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി എങ്ങനെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന കാര്യം പരിശോധിക്കുന്നതാണ്.

(7) ശമ്പള പരിഷ്കരണ കമ്മീഷൻ

ശ്രീ. വി. എസ്. ശിവകുമാർ: സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം 2019 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിനായി പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുന്നതിനും സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(8) കീഴൂർ ഫിഷിംഗ് സ്റ്റേഷൻ

ശ്രീ. കെ. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിലെ കീഴൂർ ഫിഷിംഗ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): കീഴൂർ ഫിഷിംഗ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കി ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുണ്ടെങ്കിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതുകാരണം പ്രവർത്തനമാരംഭിക്കാൻ സാധിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(9) ഹയർ സെക്കന്ററി സ്കൂളാക്കി ഉയർത്തൽ

ശ്രീ. ടി. എ. അഹമ്മദ് കബീർ: ചേരിയം ഗവൺമെന്റ് ഹൈസ്കൂളിനെ ഹയർ സെക്കന്ററി സ്കൂളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പുതിയ ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള റീജിയണൽ ലെവൽ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## V ധനകാര്യം

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും (226,97,14,000 രൂപ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ VI | - | ഭൂനികുതി<br>(457,70,65,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XI | - | ജില്ലാഭരണവും പലവകയും<br>(470,64,04,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XXI | - | ഭവനനിർമ്മാണം<br>(114,60,41,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XXVI | - | പ്രകൃതിക്ഷോഭംമൂലമുള്ള<br>ദുരിതാശ്വാസത്തിന്<br>(314,00,00,000 രൂപ) |

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തി നികുതി വെട്ടിപ്പ് തടയുന്നതിനും പാളിച്ചകൾ പരിഹരിച്ച് നികുതിപിരിവ് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതർക്ക് പട്ടയം വിതരണം ചെയ്യുന്നതിനും പ്രളയത്തെത്തുടർന്ന് സ്തുത്യർഹമായ സേവനം കാഴ്ചവയ്ക്കുന്നതിനും റവന്യൂ വകുപ്പിന് സാധിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ അദാലത്ത് നടത്തി പട്ടയവിതരണത്തിലെ പരാതികൾ പരിഹരിക്കുന്നതിനും പ്രളയാനന്തര ദുരിതാശ്വാസസഹായം ലഭിക്കാത്തവരുടെ പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും പട്ടയം ലഭിക്കാത്തവർക്ക് ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. പായ്ക്കറ്റ് അരിക്ക് ഏർപ്പെടുത്തിയ ജി.എസ്.ടി. ഒഴിവാക്കണം. പ്രളയദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുകയും പ്രകൃതിക്ഷോഭങ്ങളേയും പ്രളയത്തേയുംകുറിച്ച് പഠനം നടത്തി സാങ്കേതിക വൈദഗ്ദ്ധ്യത നേടുകയും സംസ്ഥാനത്ത് സുരക്ഷാസംസ്കാരം ഉറപ്പാക്കുകയും വേണം. റീ-ബിൽഡ് കേരള ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായുള്ള അനാവശ്യ ചെലവ് നിയന്ത്രിക്കണം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റവന്യൂ വകുപ്പിനുകീഴിലുള്ള ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണം. താലൂക്ക്/വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യവും സ്റ്റാഫ് പാറ്റേണും വിപുലീകരിക്കണം. ജനസംഖ്യാനുപാതികമായി വില്ലേജുകളേയും താലൂക്കുകളേയും വിഭജിച്ച് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും മലപ്പുറത്തെ കോട്ടയ്ക്കൽ/വളാഞ്ചേരി പ്രദേശങ്ങളേതെങ്കിലും ഉൾപ്പെടുത്തി ഒരു താലൂക്ക് രൂപീകരിക്കാനും നടപടിയുണ്ടാകണം. പോക്കുവരവ്/റീ-സർവ്വേ നടപടികൾ ലഘൂകരിച്ച് വില്ലേജാഫീസുകളിൽത്തന്നെ പരിഹരിക്കണം. വില്ലേജാഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുകയും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരെ റവന്യൂ സംബന്ധമായ ജോലികളിൽ നിയോഗിക്കുകയും ചെയ്യണം. വില്ലേജാഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതോടൊപ്പം അവ വിപുലീകരിക്കാനും അനധികൃതമായി കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാനും ഫീൽഡ് അസിസ്റ്റന്റുമാർക്ക് 10 ശതമാനം പ്രൊമോഷൻ നൽകാനും പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് സർവ്വേയർമാരുടെ നിയമനം നടത്താനും നടപടി സ്വീകരിക്കണം. കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ഹോസ്പിറ്റലിനും വെണ്ടല്ലൂർ-ഇരുമ്പിളിയം റോഡിനും ആവശ്യമായ സ്ഥലം അനുവദിക്കുന്നതിനും സ്ഥലമേറ്റെടുപ്പ് സംബന്ധമായ അപാകതകൾ പരിഹരിക്കുന്നതിനും കഴിയണം.

<u>ശ്രീ. സി. എഫ്. തോമസ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രളയത്തിൽ തകർന്ന വീടുകളുടെ അറ്റകുറ്റപ്പണികളോ പുനർനിർമ്മാണമോ പൂർത്തീകരിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ അർഹരായവർക്ക് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. പ്രളയ ബാധിതർക്കായി പ്രത്യേക പാക്കേജ് തയ്യാറാക്കണം. റവന്യൂ വകുപ്പിൽ വിവിധ സേവനങ്ങൾക്ക് ഏർപ്പെടുത്തിയ ഫീസ് വർദ്ധന പിൻവലിക്കുന്നതിനും ഫയലുകൾ തീർപ്പാക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. സർവ്വേ വകുപ്പിനെ ശക്തിപ്പെടുത്തുകയും ജി.എസ്.ടി. നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യണം.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചതും മുതിർന്ന പൗരന്മാർക്ക് സർക്കാർ സേവനങ്ങൾ അനായാസമായി ലഭ്യമാക്കിയതും ക്ഷേമപെൻഷൻ തുക വർദ്ധിപ്പിച്ചതും കേരളത്തിന്റെ സാമൂഹ്യ പുരോഗതിയെയാണ് സൂചിപ്പിക്കുന്നത്. പ്രകൃതി ദുരന്തങ്ങളെയും 'നിപ' പോലുള്ള പകർച്ചവ്യാധികളെയും ആത്മവിശ്വാസത്തോടെ നേരിടാൻ സർക്കാരിന് കഴിഞ്ഞു. ലോട്ടറി വിൽപ്പനക്കാരെ സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കിഫ്ബി ധനസമാഹരണത്തിനായി മസാല ബോണ്ട് ഇറക്കിയ നടപടി ശ്രദ്ധേയമാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രളയത്തെ

അതിജീവിക്കാൻ കേരളജനതയെ ഒറ്റക്കെട്ടായി അണിനിരത്തി മാതൃകാപരമായ പ്രവർത്തനം നടത്തിയ സർക്കാരിനെ അഭിനന്ദിക്കുന്നു. ജനോപകാരപ്രദമായ ഒട്ടനവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ട്. വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജാഫീസുകളാക്കിയതും ജനക്ഷേമത്തിന് മുൻതൂക്കം നൽകിയതും പ്രശംസനീയമാണ്.

<u>പ്രൊഫ. കെ. യു. അരുണൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രളയം തകർത്ത കേരളത്തെ വികസനപാതയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനമർഹിക്കുന്നു. പ്രളയാനന്തരം വീട് നഷ്ടമായവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി 'എല്ലാവർക്കും വീട്' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കണം.

<u>ശ്രീ. ജോർജ് എം. തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും പ്രതിശീർഷ വരുമാനത്തിലും ഉൽപ്പാദന രംഗത്തും കേരളം വളർച്ച നേടിയെന്നത് അഭിമാനാർഹമാണ്. കിഫ്ബിയിലൂടെ സംസ്ഥാനത്തിന്റെ പശ്ചാത്തല മേഖലയിൽ പൊതുനിക്ഷേപം വർദ്ധിപ്പിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി സാമ്പത്തിക പുരോഗതി കൈവരിക്കാനും സാധിച്ചിട്ടുണ്ട്. മലയോര ഹൈവേയുടെ പ്രവൃത്തികൾ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുകയും തീരദേശപാത, ദേശീയപാത, ദേശീയ ജലപാത

എന്നിവ യാഥാർത്ഥ്യമാക്കുകയും ചെയ്യുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യാനും വസ്തുവിന്റെ തണ്ടപ്പേർ ആധാറിന് സമാനമായി രേഖപ്പെടുത്താനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. കോഴിക്കോട് ജില്ലയിലെ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനും പട്ടയം ലഭിക്കാത്തവർക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മാത്യു ടി. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നികുതി പരിഷ്കാരത്തിന്റെ ഭാഗമായി നടപ്പാക്കിയ ജി.എസ്.ടി. മുഖേന കേരളം പ്രതീക്ഷിച്ച ഫലം ലഭിക്കാത്തത് സംബന്ധിച്ച് പരിശോധന നടത്തണം. സ്വർണ്ണ വ്യാപാരത്തിലെ നികുതി വെട്ടിപ്പുകൾ തടയുന്നതിന് നടപടി സ്വീകരിക്കണം. ഓഖി/പ്രളയദുരന്തങ്ങളിൽ പ്രവർത്തിച്ച റവന്യൂ ഉദ്യോഗസ്ഥരുടേയും വോളണ്ടിയർമാരായി പ്രവർത്തിച്ച വിദ്യാർത്ഥികളുടേയും സേവനം ശ്ലാഘനീയമാണ്. ഡാമുകൾ തുറന്നുവിട്ടതുകൊണ്ടാണ് പ്രളയമുണ്ടായതെന്ന തെറ്റായ പ്രചരണം പ്രതിപക്ഷം അവസാനിപ്പിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഡാമുകൾ തുറന്നുവിട്ടതുകൊണ്ടാണ് പ്രളയമുണ്ടായതെന്ന വാദം വസ്തുതാവിരുദ്ധമാണ്. സർക്കാർ കെട്ടിടങ്ങൾക്കുള്ള എൻ.ഒ.സി. സംബന്ധിച്ച് വ്യക്തത വരുത്താനും തോട്ടം

മേഖലയെ വിനോദസഞ്ചാര മേഖലയുമായി ബന്ധിപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. രാജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രളയ ദുരിതാശ്വാസത്തിന്റെ ഭാഗമായി എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. പ്രളയത്തിൽ റേഷൻ കാർഡുകളും മറ്റ് സർട്ടിഫിക്കറ്റുകളും നഷ്ടപ്പെട്ടവർക്ക് അദാലത്തിലൂടെ അടിയന്തരമായി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. പ്രളയാനന്തരം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്കായി ബാങ്കുകളുമായി ചേർന്ന് ഉജ്ജീവന വായ്പാ പദ്ധതി ആരംഭിച്ചു. ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിന് കുടുംബശ്രീ വഴി 992 കോടി രൂപയും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് 178 കോടി രൂപയും അനുവദിക്കുകയും വിള ഇൻഷ്വറൻസ് പുതുക്കി നിശ്ചയിക്കുകയും ചെയ്തു. 1.06 ലക്ഷം പേർക്ക് പട്ടയം വിതരണം ചെയ്യാനും പെരിഞ്ചാങ്കുടിയിലെ ആദിവാസികളുടെ ദീർഘകാല ഭൂപ്രശ്നത്തിന് പരിഹാരം കാണാനും അഴീക്കോട് വില്ലേജിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും പുതിയ താലൂക്കുകളും റവന്യൂ ഡിവിഷനുകളും ആരംഭിക്കാനും സാധിച്ചിട്ടുണ്ട്. പീച്ചി കേന്ദ്രീകരിച്ച് ഒരു താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. ബഷീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രളയ

ദുരിതാശ്വാസ/പുനരധിവാസ പ്രവർത്തനങ്ങളിൽ റവന്യൂ വകുപ്പ് വഹിച്ച പങ്ക് വ്യക്തമാക്കണം. ജനവികാരം മനസ്സിലാക്കി പ്രവർത്തിക്കാൻ സി.പി.ഐ.(എം) തയ്യാറാകണം.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. നാടിന്റെ മുഖച്ഛായ മാറ്റുന്ന വികസന പ്രവർത്തനങ്ങളാണ് കിഫ്ബിവഴി നടപ്പാക്കുന്നത്. വയനാട് ജില്ലയിലെ കാപ്പി കർഷകരെ സഹായിക്കുന്ന കാർബൺ ന്യൂട്രൽ വില്ലേജ് കോഫി പാർക്ക് പദ്ധതിയും ശബരിമല തീർത്ഥാടകർക്കുള്ള ഇടത്താവള നിർമ്മാണവും എടുത്തുപറയേണ്ടതാണ്. പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുന്നതിന് മികച്ച നേതൃത്വം നൽകിയ സർക്കാരാണിത്. പവർക്കട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കി സമ്പൂർണ്ണവൈദ്യുതീകരണം നടപ്പാക്കിയതും സർക്കാർ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിച്ചതും പി.എസ്.സി. മുഖേന ഒരു ലക്ഷത്തോളംപേർക്ക് ജോലി നൽകാൻ സാധിച്ചതും മികച്ച നേട്ടങ്ങളാണ്. മലയോര മേഖലകളിലെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനും ആദിവാസികൾക്ക് കൈവശരേഖയ്ക്ക് പകരം പട്ടയം നൽകുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. റോജി എം. ജോൺ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളിലടക്കമുള്ള ഫീസുകളും ചാർജ്ജുകളും വർദ്ധിപ്പിക്കാനുള്ള തീരുമാനം പിൻവലിക്കണം. പ്രളയ സെസ് പിരിച്ചെടുക്കാനുള്ള തീരുമാനം പ്രതിഷേധാർഹമാണ്. പ്രളയ സെസ് ഏർപ്പെടുത്തുമ്പോൾ ചെറുകിട വ്യാപാരികൾക്ക് സോഫ്റ്റ്‌വെയർ അപ്ഡേറ്റ് ചെയ്യുന്നതിന് 100 കോടി രൂപ ചെലവാക്കണമെന്നുള്ളകാര്യം പുന:പരിശോധിക്കണം. ദുരിതബാധിത പ്രദേശങ്ങളിലെ വീടുകൾക്ക് ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് സി.എം.ഡി.ആർ.എഫ്.-ൽനിന്നും തുക അനുവദിക്കണം. ഭാഗീകമായി വീട് നഷ്ടപ്പെട്ടവർക്കും ക്ഷീര കർഷകരുൾപ്പെടെയുള്ള കർഷകർക്കും നഷ്ടപരിഹാരം നൽകാൻ നടപടിയുണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന്റെ നികുതിവരുമാനം ഉയരുമെന്നും സാമ്പത്തിക സുസ്ഥിരത കൈവരിക്കാൻ സാധിക്കുമെന്നുമുള്ള പ്രതീക്ഷ യാഥാർത്ഥ്യമായിട്ടില്ല. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ഇതര സംസ്ഥാനങ്ങളെക്കാൾ നികുതി വളർച്ച കുറയാൻ കാരണം സംസ്ഥാനത്തിന് പുറത്തുനിന്നുവരുന്ന ചരക്കുകളുടെ കണക്ക് ഉറപ്പുവരുത്താൻ കഴിയാത്തതും ചില

മേഖലകളിൽ അനർഹമായ ഇൻപുട്ട് ക്രെഡിറ്റുണ്ടാക്കുന്നതുകൊണ്ടുമാണ്. ആനുവൽ റിട്ടേൺ സമർപ്പിക്കുമ്പോൾ മാത്രമേ നികുതി ചോർച്ച കണ്ടുപിടിക്കാനും തിരിച്ചുപിടിക്കാനും സാധിക്കുകയുള്ളൂ. നടപ്പു സാമ്പത്തിക വർഷം നികുതി ചോർച്ച തടയുന്നതിനായി എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനും കൃത്യമായ പരിശോധനകൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രളയബാധിതരായ മുഴുവൻപേർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിച്ച് കാലതാമസമില്ലാതെ തീർപ്പുകൽപ്പിക്കുന്നതാണ്. പ്രളയസെസ്സിൽനിന്നും ലഭിക്കുന്ന തുക പൂർണ്ണമായും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി വിനിയോഗിക്കുന്നതാണ്. ഗ്രാമീണ റോഡുകളുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി. സമർപ്പിച്ച 1300 കോടി രൂപയുടെ പ്രൊപ്പോസലിന് അനുവാദം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ജി.എസ്.ടി. നിലവിൽവന്നതോടെ വിവിധയിനം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ട്. ലാന്റ് അക്വിസിഷന് പണം വകയിരുത്തുന്നതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ച് പരിഹരിക്കുന്നതാണ്. ടാക്സുമായി ബന്ധപ്പെട്ട് കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളെക്കുറിച്ച് ഗവൺമെന്റ് പ്ലീഡർമാരുമായും അപ്പീൽ അതോറിറ്റിയുമായും ചർച്ച നടത്തി സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. നികുതിപിരിവിലെ

പോരായ്മകൾ ഈ വർഷംതന്നെ പരിഹരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ചർച്ചയിൽ ഉയർന്നുവന്നിട്ടുള്ളത്. റവന്യൂ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതും വില്ലേജാഫീസുകളുടെ ബൈഫർക്കേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50 ശതമാനം തസ്തിക അപ്ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റാക്കി മാറ്റണമെന്നുള്ള പ്രൊപ്പോസലും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെ ഉൾപ്പെടുത്തി റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. താലൂക്കാഫീസുകളിലും കളക്ടറേറ്റുകളിലും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ അർഹതയുള്ളവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിനും കരമടയ്ക്കാത്ത ഭൂമിക്ക് സാഹചര്യം പരിശോധിച്ച് കരമടയ്ക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മൂന്നാർ പ്രദേശത്തെ കെട്ടിടനിർമ്മാണങ്ങൾക്കും ഇടുക്കി ജില്ലയിലെ പട്ടയപ്രശ്നങ്ങൾക്കും എൻ.ഒ.സി. ആവശ്യമാണെന്നുള്ള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കർഷകർ വച്ചുപിടിപ്പിക്കുന്ന മരം

മുറിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്. 01-01-1977-നുമുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിന് സമയക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്നവർക്ക് വീട് നൽകുന്നതിനും പ്രസ്തുത പദ്ധതികളിലുണ്ടാകുന്ന തൊഴിലവസരങ്ങൾക്ക് മുൻഗണന നൽകുന്നതിനുമുൾപ്പെടെയുള്ള പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. ഉപാധിരഹിത പട്ടയമെന്ന ദീർഘകാലാവശ്യത്തിന് 1964-ലെ ഭൂനികുതി ചട്ടങ്ങളിൽ ഭേദഗതിയിലൂടെ അംഗീകാരം നൽകിയിട്ടുണ്ട്. മൂന്നാറിന് പ്രത്യേക പരിഗണന നൽകി പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താനുള്ള ഇടപെടൽ നടത്തുകയും വൻകിട കയ്യേറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ഗൃഹനിർമ്മാണത്തിന് അനുമതി നൽകുന്നതിന് തഹസീൽദാരെ ചുമതലപ്പെടുത്തുകയും സർവ്വേ നമ്പരുകളിൽ നിയമാനുസൃതം തെറ്റ് തിരുത്തുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കാലാവധി കഴിഞ്ഞതും വ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമി തിരിച്ചെടുക്കുന്നതിന് റവന്യൂ-എക്സ്പെൻഡിച്ചർ സെക്രട്ടറിമാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവരടങ്ങുന്ന സമിതിയെ നിയമിച്ചിട്ടുണ്ട്. 221 ഹെക്ടർ സർക്കാർ ഭൂമി കയ്യേറ്റക്കാരിൽനിന്ന്

ഒഴിപ്പിച്ചെടുക്കുകയും കയ്യേറ്റം തടയുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ആറ് റവന്യൂ ഡിവിഷനുകളും രണ്ട് താലൂക്കുകളും പുതുതായി രൂപീകരിച്ചിട്ടുണ്ട്. ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ 1354 വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ആരംഭിച്ച പോയിന്റ് ഓഫ് സെയിൽ മെഷീനുകൾ വഴി കറൻസിരഹിതമായി വിവിധ നികുതികളും ഫീസുകളും സ്വീകരിക്കുന്ന പദ്ധതി ഈ വർഷം സംസ്ഥാനമൊട്ടാകെ നടപ്പാക്കുന്നതാണ്. കളക്ടറേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ലാൻഡ് റെക്കോർഡ്സ് മോഡണൈസേഷൻ പദ്ധതി പുരോഗമിക്കുകയാണ്. വില്ലേജാഫീസുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ റവന്യൂ ഡിവിഷനുകളുടെയും താലൂക്കുകളുടെയും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ 4 സ്പെഷ്യൽ തഹസിൽദാർ ഓഫീസുകൾ ആരംഭിച്ചു കഴിഞ്ഞു. ക്രമത്തിലധികം ഭൂമി വാങ്ങുകയും കൈവശം വയ്ക്കുകയും ചെയ്യുന്നത് തടയുന്നതിനും ഭൂവിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും 'Unique Thandaper' എന്ന ആശയം നടപ്പാക്കാൻ നടപടി ആരംഭിച്ചു. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് 'ഗൃഹശ്രീ' പദ്ധതി പ്രകാരം വീട് നൽകുന്നതിന് 36.15 കോടി രൂപ

വിതരണം ചെയ്യുകയും ഇന്നവേറ്റീവ് ഭവനപദ്ധതി പ്രകാരം 24 ഫ്ലാറ്റുകൾ വീതമുള്ള 2 ഭവന സമുച്ചയങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എം.എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി പ്രകാരം ഇരട്ടവീടുകൾ ഒറ്റ വീടാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കെട്ടിട നിർമ്മാണ സാമഗ്രികൾ വില കുറച്ച് നൽകുന്ന 'കലവറ' പദ്ധതി വിവിധ ജില്ലകളിൽ നടപ്പിലാക്കി വരികയാണ്. കെട്ടിടമുടമകളുടേയും വാടകക്കാരന്റേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പുതുക്കിയ കെട്ടിട നിയന്ത്രണ നിയമം പ്രാവർത്തികമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് 'ഡിസാസ്റ്റർ ഇൻഷ്വറൻസ്' എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. സി.എം.ഡി.ആർ.എഫ്.-ൽ അവശേഷിക്കുന്ന തുക ഏതൊക്കെ പദ്ധതികൾക്ക് വിനിയോഗിക്കണമെന്നതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ട്. പ്രളയംമൂലം നാശനഷ്ടമുണ്ടായ വീടുകൾ സാങ്കേതിക വിദഗ്ദ്ധർ നേരിട്ട് പരിശോധിച്ച് നഷ്ടം കണക്കാക്കിയതിനുശേഷമാണ് നഷ്ടപരിഹാരം നൽകുന്നതിനുള്ള സ്ലാബുകൾ നിശ്ചയിച്ചത്; നഷ്ടപരിഹാരത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം സംബന്ധിച്ച പരാതികൾക്ക് അപ്പീൽ നൽകാവുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും 32-നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 3.54-ന് പിരിഞ്ഞു.